വസ്തുതയാണ് ലോഡ് ഡെസ്പാച്ച് സെന്റർ ബോഡിനെ അറിയിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ലോഡ് കുറവായതിനാൽ പൊതു അവധി ദിവസങ്ങളിൽ ഇപ്പോൾ നിലവിലുള്ള ലോഡ് ഷെഡിംഗ് പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

153 (1697) വൈദ്യുതി വകുപ്പിന്റെ ഭൂമി

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ അയ്യപ്പൻകോവിൽ, കാഞ്ചിയാർ, കട്ടപ്പന എന്നീ പഞ്ചായത്ത് പരിധിക്കുള്ളിൽ വൈദ്യുതി വകുപ്പിന് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര അളവിൽ ഭൂമി കൈവശമുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ആയതിൽ റവന്യൂ ഭൂമി, വനഭൂമി, സി.എച്ച്.ആർ. ഭൂമി ഇവ എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കട്ടപ്പന പഞ്ചായത്തു പരിധിക്കുള്ളിൽ കട്ടപ്പന 66 കെ.വി. സബ്സ്റ്റേഷന് ഒരേക്കർ അൻപതു സെന്റ് ഭൂമി കൈവശമുണ്ട്. തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ കൈവശം കട്ടപ്പന പഞ്ചായത്തിൽ 97 സെന്റ് സ്ഥലം ഉണ്ട്. കാഞ്ചിയാർ, അയ്യപ്പൻകോവിൽ എന്നീ പഞ്ചായത്തുകളിലായി 2 ഏക്കർ ഭൂമിയുണ്ട്.

(ബി) കട്ടപ്പന 66 കെ.വി. സബ് സ്റ്റേഷൻ സ്ഥിതിചെയ്യുന്നത് റവന്യൂ ഭൂമിയിലാണ്. തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിന്റെ കീഴിലുള്ള 97 സെന്റ് സ്ഥലം ഇടുക്കി പദ്ധതി പണി നടക്കുന്ന സമയത്ത് വനം വകുപ്പിൽ നിന്ന് ഇലക്ട്രിസിറ്റി ബോർഡിനു വിട്ടുതന്നിട്ടുള്ളതാണ്. കാഞ്ചിയാർ അയ്യപ്പൻകോവിൽ എന്നിവിടങ്ങളിലുള്ള 2 ഏക്കർ സ്ഥലവും വനംവകുപ്പിൽ നിന്ന് ബോർഡിനു നൽകിയ വനഭൂമിയാണ്.

154 (1698) ഒ.വൈ.ഇ.സി. അടയ്ക്കാത്ത വീടുകൾക്കുള്ള വൈദ്യുതി കണക്ഷൻ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ ഒ.വൈ.ഇ.സി. അടയ്ക്കാത്ത എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്നുള്ള വിവരം വ്യക്തമാക്കുമോ;

(ബി) ഒ.വൈ.ഇ.സി. അടയ്ക്കാതെ വൈദ്യുതി കണക്ഷൻ നൽകാൻ എത്ര ശതമാനം കണക്ഷനുകൾ ആണ് നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1,92,097 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ശതമാനം നീക്കിവച്ചിട്ടില്ല. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകക്കനുസൃതമായി നിശ്ചയിക്കുന്ന ടാർജറ്റ് അനുസരിച്ചാണ് ഒ.വൈ.ഇ.സി. അടയ്ക്കാത്ത സർവ്വീസ് കണക്ഷനുകൾ നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly